"ഭരണഭാഷ- മാതൃഭാഷ"

15 YEARS OF CELEBRATING THE MAHATMA

## കേരള സർക്കാർ

### സംഗ്രഹം

പൊതുവിദ്യാഭ്യാസം - കരിമ്പിൻപുഴ കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13795/2022-ന്മേലുള്ള 12.04.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**പൊതുവിദ്യാഭ്യാസ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.4955/2022/GEDN    തീയതി,തിരുവനന്തപുരം, 20-08-2022

---

പരാമർശം:-

1. കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജരുടെ 03.03.2022-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി9)
2. കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ടീച്ചർ-ഇൻ-ചാർജ് ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന്റെ 18.03.2022-ലെ റിവിഷൻ ഹർജി(എക്സിബിറ്റ് പി9എ)
3. കരിമ്പിൻപുഴ കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ഫയൽ ചെയ്ത WP(C)No.13795/2022-ന്മേലുള്ള 12.04.2022-ലെ വിധിന്യായം
4. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 02.07.2022-ലെ ബി5/1929/2021 നമ്പർ കത്ത്
5. കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെ 04.07.2022-ലെ DDEKLM/1087/2022-ബി3 നമ്പർ കത്ത്
6. പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ 18/7/2022-ലെ ഇ റ്റി1/9673/2022/ഡി ജി ഇ നമ്പർ കത്ത്.

### ഉത്തരവ്

കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള കരിമ്പിൻപുഴ കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13795/2022-ന്മേലുള്ള 12/04/2022-ലെ വിധിന്യായത്തിൽ, പരാമർശം (1) ലെ EXT P9 റിവിഷൻ ഹർജി, പരാമർശം (2) ലെ EXT P9(a) റിവിഷൻ ഹർജി എന്നിവ ഹർജിക്കാരെ നേരിൽ കേട്ട് തീർപ്പാക്കുന്നതിന് ഒന്നാം

എതിർ കക്ഷിയായ പൊതുവിദ്യാഭ്യാസ സെക്രട്ടറിക്ക് നിർദേശം നല്കിയിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ, 04.08.2022-ൽ സ്കൂൾ മാനേജർ, 5-ാം എതിർകക്ഷിയുടെയും 6-ാം എതിർകക്ഷിയുടെയും പ്രതിനിധികൾ എന്നിവരെ google meet വഴി കേൾക്കുകയുണ്ടായി.

2) **സ്കൂൾ മാനേജരുടെയും 5-ാം എതിർകക്ഷി ശ്രീ ടി.ആർ. മഹേഷ് കുമാറിന്റെയും വാദങ്ങൾ ചുവടെ കൊടുക്കുന്നു:**

"കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ അധികാരപരിധിയിലുള്ള കരിമ്പിൻപുഴ കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ ഹൈസ്കൂൾ വിഭാഗം പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി. അനിത വിശ്വനാഥ് പി.വി. 31.05.2021-ൽ സർവ്വീസിൽ നിന്നും വിരമിച്ചു. പ്രസ്തുത വിരമിക്കലിനെ തുടർന്ന് 01.06.2021 പ്രാബല്യത്തിൽ ഉണ്ടായ ഒഴിവിൽ ഏറ്റവും സീനിയർ ഹൈസ്കൂൾ അദ്ധ്യാപകനായ ശ്രീ. ടി.ആർ. മഹേഷ് കുമാറിനെ മാനേജർ പ്രധാനാദ്ധ്യാപക തസ്തികയിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ചു. ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകരുടെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ടി.ആർ. മഹേഷ് കുമാറിനെ ക്രമനമ്പർ 5 ആയും 6-ാം എതിർകക്ഷിയായ ശ്രീമതി. സുനിത വസന്തിനെ ക്രമനമ്പർ 6 ആയുമാണ് സീനിയോറിറ്റി നിർണ്ണയിച്ചിട്ടുള്ളത്. (ഒന്നു മുതൽ നാല് വരെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ടവർ സർവ്വീസിൽ നിന്നും വിരമിച്ചുകഴിഞ്ഞിട്ടുള്ളതാണ്) . ഈ സാഹചര്യത്തിലാണ് സീനിയർ അദ്ധ്യാപകനായ ശ്രീ. മഹേഷ് കുമാറിനെ പ്രധാനാദ്ധ്യാപകനായി നിയമിച്ചത്. പ്രസ്തുത നിയമനാംഗീകാരത്തിനുള്ള ശുപാർശ മാനേജർ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് സമർപ്പിച്ചുവെങ്കിലും സ്ഥാനക്കയറ്റം അംഗീകരിക്കുന്നതിന് പകരം പ്രധാനാദ്ധ്യാപകന്റെ താല്ക്കാലിക ചുമതല മാത്രം നൽകിയാണ് ജില്ലാവിദ്യാഭ്യാസ ഓഫീസർ 29.06.2021-ലെ ബി3/1320/2021 പ്രകാരം ഉത്തരവായത്.

തുടർ ന്ന് 6-ാം എതിർകക്ഷിയായ ശ്രീമതി. സുനിത വസന്ത് പ്രധാനാദ്ധ്യാപക തസ്തികയിലെ സ്ഥാനക്കയറ്റത്തിന് അവകാശമുന്നയിച്ച സാഹചര്യത്തിൽ ശ്രീ. മഹേഷ് കുമാറിന്റെ സ്ഥാനക്കയറ്റ നിയമനം 01.07.2021-ലെ ബി5/23660/2021 പ്രകാരം കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവ് പുറപ്പെടുവിക്കുകയും ചെയ്തു. ശ്രീ.മഹേഷ് കുമാർ സ്ഥാനക്കയറ്റത്തിനുള്ള വകുപ്പ് തല ടെസ്റ്റുകൾ പാസ്സായിട്ടില്ല എന്നതിനാലും, എന്നാൽ 6-ാം എതിർകക്ഷി സുനിത വസന്ത് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുണ്ട് എന്നുമുള്ള കാരണത്താലാണ് ശ്രീ. മഹേഷ് കുമാറിന്റെ പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം ജില്ലാവിദ്യാഭ്യാസ ഓഫീസർ നിരസിച്ച് ഉത്തരവായത്.

കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെ ഉത്തരവിനെതിരെ മാനേജർ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപ്പീൽ ഹർജി സമർപ്പിച്ചു. എന്നാൽ ശ്രീമതി. സുനിത വസന്ത് ടെസ്റ്റ് യോഗ്യതകൾ നേടിയിട്ടുള്ള അദ്ധ്യാപികയായതിനാൽ ടിയാൾക്ക് പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിനുള്ള മുൻഗണനാ അവകാശം നിലനിൽക്കുന്നുവെന്ന കാരണത്താൽ മഹേഷ് കുമാറിന്റെ സ്ഥാനക്കയറ്റ നിയമനം നിരസിച്ച് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ 05.01.2022-ലെ ബി4/214070/2021 നമ്പറിലുള്ള ഉത്തരവ് പ്രകാരം അപ്പീൽ ഹർജി തള്ളുകയാണുണ്ടായത്.

തുടർന്ന് ശ്രീമതി. സുനിത വസന്ത് തന്റെ സ്ഥാനക്കയറ്റം ഉറപ്പാക്കുന്നതിന് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C) 14104/2021 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്യുകയും, പ്രസ്തുത റിട്ട് ഹർജിയിലെ 26.11.2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ ശ്രീമതി. സുനിത വസന്തിന്റെ അവകാശവാദം പരിഗണനയിലെടുക്കുകയും, ടിയാൾക്ക് കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 44എ( 1 ) പ്രകാരമുള്ള അക്കാദമിക/ട്രെയിനിംഗ് വകുപ്പുതല പരീക്ഷായോഗ്യതകൾ ഉൾപ്പെടെയുള്ള പൂർണ്ണയോഗ്യതയുള്ളതിനാൽ സ്ഥാനക്കയറ്റത്തിനുള്ള മുൻഗണനാവകാശം നില നിൽക്കുന്നതിനാൽ ടിയാളെ കോടതിവിധിയുടെ അടിസ്ഥാനത്തിൽ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് നിയമിക്കുന്നതിനുള്ള നിർദ്ദേശം മാനേജർക്ക് നൽകി കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർ 21.02.2022-ലെ ബി5/1929/2021 പ്രകാരം ഉത്തരവായിട്ടുള്ളതാണ്.

ശ്രീമതി.സുനിത വസന്തിന് സ്ഥാനക്കയറ്റം നൽകിയ ഉത്തരവ് നടപ്പാക്കുന്നതിനായി ടിയാൾ കൊല്ലം ജില്ലാവിദ്യാഭ്യാസ ഉപഡയറക്ടർക്ക് ഹർജി സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ മാനേജർക്കെതിരെ നടപടികൾ സ്വീകരിക്കുന്നതിനുള്ള തീരുമാനമാണ് കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറിൽ നിന്നും ഉണ്ടായിട്ടുള്ളത്.

മേൽപ്പറഞ്ഞ സാഹചര്യത്തിലാണ് കുഴിക്കൽ ഇടവക എസ്.എൻ.ജി.ഡി.വി.എച്ച്.എസ്.എസിലെ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിയ മാനേജരുടെ ഉത്തരവ് നിരസിച്ചുകൊണ്ടുള്ള കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസറുടെയും കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടറുടെയും ഉത്തരവുകൾക്കെതിരെ സ്കൂൾ മാനേജറും ശ്രീ.ടി.ആർ.മഹേഷ് കുമാറും കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 92 പ്രകാരം ഈ വിഷയത്തിൽ സർക്കാരിൽ നിക്ഷിപ്തമായ അധികാരത്തിന്റെ അടിസ്ഥാനത്തിൽ സർക്കാർ തലത്തിൽ ഉത്തരവുണ്ടാകുന്നതിനായി യഥാക്രമം എക്സിബിറ്റ് പി 9, പി 9എ ഹർജികൾ സർക്കാർ മുമ്പാകെ സമർപ്പിച്ചിട്ടുള്ളത്.

താഴെ പറയുന്ന കാരണങ്ങളാൽ സീനിയർ അദ്ധ്യാപകനായ ശ്രീ. ടി. ആർ മഹേഷ് കുമാറിനെ മാനേജർ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള നിയമനം നിയമാനുസൃതമായി അംഗീകരിക്കപ്പെടേണ്ടതാണ്.

1. 5-ാം എതിർ കക്ഷിയായ ശ്രീ. ടി.ആർ മഹേഷ് കുമാർ 07.06.1993 പ്രാബല്യത്തിലാണ് കുഴിക്കൽ ഇടവക എസ്.എൻ.ജി.ഡി. വി.എച്ച്.എസിൽ ഹൈസ്കൂൾ വിഭാഗം അദ്ധ്യാപകനായി നിയമിതനായത്. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 44(1) പ്രകാരം സീനിയോറിറ്റിയുടെ അടിസ്ഥാനത്തിലാണ് പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റം പരിഗണിക്കപ്പെടേണ്ടത്. ചട്ടം 44എ പ്രകാരം 12 വർഷത്തെ തുടർച്ചയായ ഹൈസ്കൂൾ ഗ്രാഡ്വേറ്റ് അദ്ധ്യാപക സേവന പരിചയം പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് യോഗ്യതയായി അനുശാസിക്കുന്നുണ്ട്. കൂടാതെ കേരളാ അക്കൗണ്ട് ടെസ്റ്റ് ലോവർ, കേരള എഡ്യൂക്കേഷൻ ആക്ട് & റൂൾസ് എന്നീ വകുപ്പുതല പരീക്ഷകളും പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനത്തിന് യോഗ്യതയായി അനുശാസിക്കുന്നുണ്ട്. എന്നാൽ ചട്ടം 44 എ യുടെ രണ്ടാം പ്രൊവിസോ പ്രകാരം അമ്പത് വയസ് കഴിഞ്ഞ ഹൈസ്കൂൾ അദ്ധ്യാപകരെ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും

സ്ഥിരമായി ഒഴിവാക്കിയിട്ടുള്ളതാണ്.

2. ശ്രീ. ടി.ആർ. മഹേഷ് കുമാർ പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള 12 വർഷത്തെ സേവന പരിചയം 07.06.2005-ൽ പൂർത്തിയാക്കിയിട്ടുള്ളതാണ്.

3. കേരള വിദ്യാഭ്യാസ ചട്ടങ്ങളിലെ അദ്ധ്യായം 14എ ചട്ടം 44എ ഭേദഗതി വരുത്തി 10.06.2015-ൽ ജി.ഒ.(എം.എസ്) നം.157/2015/പൊ.വി.വ. നമ്പർ പ്രകാരം സർക്കാർ ഉത്തരവ് പുറപ്പെടുവിച്ച പ്രസ്തുത ഭേദഗതി താഴെപറയും പ്രകാരമാണ് :

“Provided also that notwithstanding anything contained in the 2nd proviso, in the case of appointment to the post of Headmaster, preference shall be given to those teachers who have acquired the test qualification specified in this Rule”.

ആയതിനാൽ ഹൈസ്കൂൾ ഹെഡ്മാസ്റ്റർ തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് ടെസ്റ്റ് യോഗ്യത നേടിയവർക്ക് മുൻഗണന നൽകിയാണ് 13.12.2017-ലെ ഗസറ്റ് വിജ്ഞാപനം മുഖേനെ 10.06.2015-ലെ ജി.ഒ.(എം.എസ്)157/2015/പൊ.വി.വ. നമ്പർ ഉത്തരവ്, ഉത്തരവ് തീയതി മുതൽ നിലവിൽ വന്നത്.

4. ശ്രീ. ടി.ആർ.മഹേഷ് കുമാർ സർവ്വീസിൽ പ്രവേശിക്കുമ്പോൾ മേൽപ്പറഞ്ഞ ഭേദഗതി ഉത്തരവ് നിലവിലുണ്ടായിരുന്നില്ല. ആയതിനാൽ മേൽപ്പറഞ്ഞ ഭേദഗതി ഉത്തരവിന് മുമ്പ് ഹൈസ്കൂൾ അദ്ധ്യാപക സർവ്വീസിൽ പ്രവേശിച്ച ശ്രീ. മഹേഷ് കുമാറിന് ഭേദഗതി ഉത്തരവിലെ വ്യവസ്ഥ നിയമാനുസൃതമായി ബാധകമാക്കാവുന്നതല്ല. ഈ വിഷയത്തിൽ കേരളാ ഹൈക്കോടതിയുടെ 2000(2)KLJ 633 നമ്പർ വിധിന്യായത്തിലെ പ്രസക്ത ഭാഗം താഴെ ഉദ്ധരിക്കുന്നു :

Section 2(1) of the Kerala Public Service Act, 1968 specifically authorizes the Government to make rules either prospectively or retrospectively to regulate the recruitment and conditions of service of persons appointed to public services. This rule is subject to a well recognized principle that the benefits acquired under the existing rules cannot be taken away by an amendment with retrospective effect. In other words, the Government have no power to make a rule with retrospective effect which affects or impairs vested rights.

ആയതിനാൽ സർവ്വീസിൽ നിലവിലുള്ള ജീവനക്കാരുടെ നിക്ഷിപ്താവകാശം ചട്ടങ്ങളിൽ ഭേദഗതി വരുത്തി മുൻകാല പ്രാബല്യത്തിൽ നിയമാനുസൃതമായി മറികടക്കാനാവുകയില്ല.

5. സർക്കാർ ജീവനക്കാർക്ക് ബാധകമായ KS&SSR Part II ചട്ടം 13B താഴെ ഉദ്ധരിക്കുന്നു :

“13B. Notwithstanding anything contained in these Rules or in the Special Rules, persons in Govt. service who attained the age of 50 years and who have put in 25 years of service shall be eligible for permanent exemption from passing obligatory departmental test

…..........................”

ആയതിനാൽ 5 0 വയസ്സ് കഴിഞ്ഞവരും 2 5 വർഷത്തെ സേവന പരിചയം ഉള്ളവരുമായ സർക്കാർ ജീവനക്കാരെ ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതാണ്. ഈ ചട്ടം സർക്കാർ ഹൈസ്കൂളുകളിലെ പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റത്തിന് ഇപ്പോഴും ബാധകമായി നിലനിൽക്കുന്നുണ്ട്. അക്കാരണത്താൽ എയ്ഡഡ് ഹൈസ്കൂളുകളിലെ പ്രധാനാദ്ധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയററത്തിന് 5 0 വയസ്സ് കഴിഞ്ഞ, മറ്റ് യോഗ്യതകളുള്ളവർ ടെസ്റ്റ് യോഗ്യതയിൽ നിന്നും ഒഴിവാക്കപ്പെടേണ്ടതുമാണ്. സർക്കാർ ഹൈസ്കൂളുകളിലെ അദ്ധ്യാപകരും എയ്ഡഡ് ഹൈസ്കൂളുകളിലെ അദ്ധ്യാപകരും തമ്മിലുള്ള വിവേചനം നിയമപരമായി നിലനിൽക്കുന്നതല്ല.

മേൽപ്പറഞ്ഞ കാരണങ്ങളാൽ 5-ാം എതിർകക്ഷിയായ ശ്രീ. ടി.ആർ. മഹേഷിനെ നിയമാനുസൃതമായി ടെസ്റ്റ് യോഗ്യതകൾ നേടുന്നതിൽ നിന്നും ഒഴിവാക്കി, പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റത്തിന് ടിയാളും മാനേജരും സമർപ്പിച്ച റിവിഷൻ ഹർജികൾ (എക്സിബിറ്റ് പി9 & എക്സിബിറ്റ് പി 9എ) പരിഗണനയിലെടുത്ത്, ശ്രീ. ടി.ആർ. മഹേഷ് കുമാറിനെ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് 01.06.2021 പ്രാബല്യത്തിൽ സ്ഥാനക്കയറ്റം നൽകി നിയമിച്ച മാനേജരുടെ തീരുമാനം അംഗീകരിച്ച് ഉത്തരവാകണമെന്നും, തദനുസൃതമായി കൊട്ടാരക്കര ജില്ലാവിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകി കോടതി വിധി നടപ്പാക്കണമെന്നും അപേക്ഷിക്കുന്നു."

**3) 6-ാം എതിർകക്ഷിയായ ശ്രീമതി. സുനിത വസന്തിന്റെ വാദങ്ങൾ ചുവടെ കൊടുക്കുന്നു:**

1. റിട്ടയർമെന്റ് മുഖാന്തിരം 01.06.2021-ൽ ഹെഡ്മാസ്റ്റർ തസ്തിക ഒഴിവായി. സീനിയറായ ശ്രീ.റ്റി.ആർ. മഹേഷ് കുമാർ (എച്ച്.എസ്.റ്റി) തദവസരത്തിൽ 5 0 വയസ്സ് കഴിഞ്ഞുവെങ്കിലും വകുപ്പുതല പരീക്ഷ പാസ്സായില്ല. സീനിയോറിറ്റിയിൽ രണ്ടാം സ്ഥാനക്കാരിയായ എനിക്ക് 15.07.1993 മുതൽ തുടർച്ചയായ ഗ്രാഡുവേറ്റ് സർവ്വീസും, 5 0 വയസ്സ് കഴിയുകയും വകുപ്പുതല പരീക്ഷ പാസ്സാകുകയും ചെയ്തിട്ടുള്ളതിനാൽ ഹെഡ്മാസ്റ്റർ പ്രൊമോഷന് അർഹത എനിക്കാണ്. ഈ വിവരങ്ങൾ കാണിച്ച് 16.05.2021-ൽ മാനേജർക്ക് അപേക്ഷ നൽകിയതാണ്. എന്റെ അപേക്ഷ പരിഗണിക്കാതെ 01.06.2021 മുതൽ ശ്രീ. റ്റി.ആർ. മഹേഷ് കുമാറിനെ ഹെഡ്മാസ്റ്ററായി പ്രമോട്ടു ചെയ്തുകൊണ്ട് ഉത്തരവായി. മാനേജരുടെ നിർദ്ദേശ പ്രകാരം റിട്ടയർ ചെയ്ത ഹെഡ്മിസ്ട്രസ്, ശ്രീ. റ്റി.ആർ. മഹേഷ് കുമാറിന് ചാർജ്ജ് കൈമാറിയതറിഞ്ഞതിനാൽ എന്റെ അർഹത ചൂണ്ടികാണിച്ചുകൊണ്ട് കൊട്ടാരക്കര ഡി.ഇ.ഒ.യ്ക്ക് 05.06.2021-ൽ അപേക്ഷ സമർപ്പിച്ചതാണ്. ടി അപേക്ഷ പരിഗണിക്കാതെ, 29.06.2021-ൽ ബി5/1929/2021 പ്രകാരം ശ്രീ. റ്റി.ആർ. മഹേഷ് കുമാറിന് പ്രഥമാധ്യാപകന്റെ താൽക്കാലിക ചാർജ്ജ് നൽകി ഉത്തരവായി.

2. ഡി.ഇ.ഒ.യുടെ 29.06.2021-ലെ ഉത്തരവിനെതിരായി ഞാൻ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C)No. 14104/2021 കേസിൽ 26.11.2021-ലെ ഉത്തരവ്വ പ്രകാരം 01.02.2022-ൽ ഹിയറിംഗ് നടത്തി 21.02.2022-ൽ ബി5/1929/2021 പ്രകാരം ഡി.ഇ.ഒ. ഉത്തരവായി.

3. ടി ഉത്തരവിൽ 3 കാര്യങ്ങളാണ് നിർദ്ദേശിച്ചിട്ടുള്ളത്:

i.ശ്രീ. റ്റി.ആർ. മഹേഷ് കുമാറിന് പ്രഥമാധ്യാപകന്റെ താൽക്കാലിക ചാർജ്ജ് നൽകികൊണ്ടുള്ള നടപടി ഉത്തരവ് റദ്ദ് ചെയ്യുന്നു.

ii.എന്നെ പ്രഥമാധ്യാപിക ആയി നിയമിക്കുവാൻ മാനേജർക്ക് നിർദ്ദേശം നൽകി

iii.എനിയ്ക്ക് ചാർജ്ജ് കൈമാറാൻ ശ്രീ.റ്റി.ആർ. മഹേഷ് കുമാറിനോട് നിർദ്ദേശം നൽകി. ചാർജ്ജ് കൈമാറ്റം ചെയ്ത വിവരം യഥാസമയം അറിയിക്കണം.

ചാർജ് കൈമാറാതിരുന്നതിനെ തുടർന്ന് 23.02.2022-ൽ ഞാൻ വിവരം ഡി.ഇ.ഒ.-യെ ധരിപ്പിച്ചതാണ്. യാതൊരു നടപടിയും ഉണ്ടായില്ല.

4. കൊട്ടാരക്കര ഡി.ഇ.ഒ.യുടെ 21.02.2022-ലെ ഉത്തരവ് നടപ്പാക്കി കിട്ടുന്നതിനു വേണ്ടി ഞാൻ ഫയൽ ചെയ്ത WP(C)No.7204/2022 കേസിൽ 21.03.2022ൽ ഉണ്ടായ വിധിയിൽ ഗവൺമെന്റ് പ്ലീഡറുടെ വാദം തള്ളികൊണ്ട് “In view of the above, it is clarified that in the absence of any stay of the orders impugned before the revisional authority, the Statutory authorities are bound to implement the orders issued by them.”

മാനേജർ ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത WP(C) No. 13795/2022 കേസിൽ 12.04.2022-ൽ ഉണ്ടായ വിധിയിൽ, “Till a decision is taken on the revision petition as directed above, all coercive steps pursuant to Ext P12 shall be kept in abeyance” എന്നാണ്. Ext P12 എന്നത് കൊല്ലം ജില്ലാ വിദ്യാഭ്യാസ ഉപഡയറക്ടർ ശിക്ഷനടപടികൾ സ്വീകരിക്കാതിരിക്കുവാനുള്ള കാരണം കാണിക്കൽ നോട്ടീസാണ്. എന്റെ പ്രമോഷനുമായി ബന്ധപ്പെട്ടുള്ള ഡി.ഇ.ഒ. യുടെയോ, ബഹു. ഹൈക്കോടതി ഉത്തരവിനെയോ യാതൊരു തരത്തിലും ബാധിക്കുന്നതല്ല.

DEO-യുടെ 21.2.2022-ലെ ഉത്തരവിൽ മാനേജർ ശ്രീമതി ഓമന ശ്രീറാമിന്റെ വാദം "ശ്രീ. മഹേഷ് കുമാറിനെ സ്കൂളിന്റെ ക്ഷേമം മുൻനിർത്തിയാണ് നിയമിച്ചത്, ടിയാനെ പ്രഥമാധ്യാപകനായി തുടരാൻ അനുവദിക്കണം" എന്നാണ് രേഖപ്പെടുത്തിയിട്ടുള്ളത്. സ്കൂളിന്റെ ക്ഷേമം മുൻനിർത്തിയാണ് ശ്രീ. റ്റി.ആർ.മഹേഷ് കുമാറിനെ ഹെഡ്മാസ്റ്ററായി നിയമിച്ചതെന്ന് ഹിയറിംഗ് വേളയിൽ വാദിക്കുകയും, എന്നാൽ കെ.ഇ.ആറിലെ റൂളുകൾ ചൂണ്ടിക്കാണിച്ച് നിയമനം സാധുവാണെന്ന് സ്ഥാപിക്കാൻ ശ്രമിക്കാതിരുന്നത് നിയമത്തിന്റെ പാപ്പരത്വം കൊണ്ടാണെന്ന് വ്യക്തമാണ്. ഇതിൽ നിന്നും ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന്റെ നിയമനം സാധുവാണെന്ന് തെളിയിക്കുവാൻ മാനേജർക്ക് സാധിക്കുന്നില്ലെന്ന് പ്രഥമദൃഷ്ട്യാ വിലയിരുത്താവുന്നതാണ്. ഹെഡ്മാസ്റ്ററുടെ നിയമനത്തിന് കെ.ഇ.ആർ. ൽ വ്യക്തമായ റൂളുകൾ ഉള്ളപ്പോൾ സ്കൂളിന്റെ ക്ഷേമം മുൻ നിർത്തിയുള്ള ഹെഡ്മാസ്റ്റർ നിയമന വാദം അർത്ഥശൂന്യമാണ്.

മാനേജരുടേയും ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന്റേയും ആവശ്യവും വാദങ്ങളും ഒന്നു തന്നെയാകയാൽ രണ്ടിനും കൂടിയുള്ള വിശദീകരണം ചുവടെ ചേർക്കുന്നു.

(i) The District Educational Officer has issued the order without considering Rule 13 B of Part II K.S. & S.S.R.- എയ്ഡഡ് ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിയമനത്തിന് കെ.ഇ.ആർ. അദ്ധ്യായം XIV A - 43, 44, 44 A, 44 B എന്നീ റൂളുകളാൽ വ്യവസ്ഥ ചെയ്യപ്പെട്ടിരിക്കുന്നു. XIV A-യിലെ റൂൾ 56-ൽ അവധി സംബന്ധമായി ഗവൺമെന്റ് ജീവനക്കാർക്കുള്ള നിയമം എയ്ഡഡ് സ്കൂൾ ജീവനക്കാർക്ക് ബാധകമാണെന്നു വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ റൂൾ 43, 44, 44 A, 44 B എന്നിവയിൽ അത്തരം ഒരു നിർദ്ദേശം വ്യവസ്ഥ ചെയ്യിട്ടില്ലാത്തതിനാലും ടി റൂളുകൾക്ക് സ്വതന്ത്രമായ നിലനിൽപ്പുള്ളതിനാലും കെ.എസ്.& എസ്.എസ്.ആർ-ലെ 13 B എയ്ഡഡ് സ്കൂളിലെ ഹെഡ്മാസ്റ്റർ നിയമനത്തിന് ബാധകമല്ല.

(ii) Sri. T.R. Mahesh Kumar was appointed as High School Teacher (S.S.) w.e.f. 07.06.1993 and that at the time of his entry in Service, an exemption has been provided in the Kerala Educational Rules for those who completed 50 years for Promotion to the Post of Headmaster of High School:

XIV A-യിലെ റൂൾ 44 A യിലെ 2-ാം പ്രോവിസോ ഇപ്രകാരമാണ്, "Provided further that teachers who shall attained the age of 50 years shall stand exempted permanently from acquiring the test qualification specified in sub-rule (1)." ഇതിൽ നിന്നും, 50 വയസ്സ് പൂർത്തിയാകുമ്പോൾ വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ ന്നിന്നും ഇളവ് ലഭിക്കുമെന്നാണ്. ശ്രീ.റ്റി.എസ്.മഹേഷ് കുമാറിന്റെ ജനന തീയതി 31.05.1969- ഉം 50 വയസ്സ് തികയുന്നത് 31-05-2019-ലുമാണ്. ടിയാന് 50 വയസ്സ് തികഞ്ഞ് ഇളവ് കിട്ടുന്നതിനു മുൻപായി 13-12-2017-ലെ ഗസറ്റ് വിജ്ഞാപന പ്രകാരം മൂന്നാം പ്രൊവിസോ കൂട്ടിച്ചേർക്കപ്പെട്ടു. അതിനാൽ പ്രൊവിസോ രണ്ടിന് സ്വതന്ത്രമായ നിലനിൽപ്പില്ലാതായിതീർന്നു. 02-03-1982-ൽ 44 A യിൽ കൂട്ടിച്ചേർത്തത് 2-ാം പ്രൊവിസോ ആണ്. ആയത് ഇപ്പോഴും നിലനിൽക്കുന്നു. അതിന്റെ കൂടെ 13-12-2017-ൽ 3-ാം പ്രൊവിസോ കൂട്ടി ചേർത്തെന്നു മാത്രം. തന്മൂലം 2-ാം പ്രോവിസോയ്ക്ക് സ്വതന്ത്രമായ നിലയില്ലാതായെന്നുമാത്രം.

ശ്രീ.റ്റി.ആർ. മഹേഷ് കുമാറിന് 31-05-2019-ൽ 50 വയസ്സ് തികയുന്നതിനാൽ വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ നിന്ന് ഒഴിവ് ലഭിക്കുന്നുണ്ട്. എന്റെ ജനനതീയതി 20-05-1967 ആകുന്നു. 13-12-2017-ലെ കൂട്ടി ചേർക്കൽ വരുന്നതിനു മുൻപായി, 20-05-2017-ൽ എനിക്ക് വകുപ്പുതല പരീക്ഷ പാസ്സാകുന്നതിൽ നിന്നും ഇളവ് കിട്ടുന്നുണ്ട്. ഞാൻ വകുപ്പുതല പരീക്ഷ പാസ്സായിട്ടില്ലായെന്ന് മാനേജർക്ക് ആക്ഷേപമില്ല.

13.12.2017 -ൽ കൂട്ടിചേർത്ത മൂന്നാം പ്രൊവിസോ ഇപ്രകാരമാണ്, "Provided also that notwithstanding anything contained in the second proviso, in the cases of appointment to the post of Headmaster, preference shall be given to the teachers who have acquired the test qualification specified in the rule" എന്നാണ്. വകുപ്പുതല പരീക്ഷ പാസ്സാകുന്നവർ പ്രഥമാധ്യാപക സ്ഥാനത്ത് വരുന്നതാണ് കൂടുതൽ മെച്ചമെന്ന് ഗവൺമെന്റ് തീരുമാനിച്ചതു കൊണ്ടാണ് റൂൾ 44 A-യിൽ പ്രൊവിസോ മൂന്ന് കൂട്ടിച്ചേർത്തത്. 01-06-2021-ൽ ശ്രീ. റ്റി.ആർ. മഹേഷ് കുമാറിന് 50

വയസ് പൂർത്തിയായെങ്കിലും വകുപ്പുതല പരീക്ഷ പാസ്സായിട്ടില്ല. ഞാൻ 5 0 വയസ്സ് പൂർത്തിയാക്കുകയും വകുപ്പ തലപരീക്ഷ പാസ്സാകുകയും ചെയ്തിട്ടുണ്ട്. അതിനാൽ റൂൾ 44 A-യിലെ മൂന്നാം പ്രൊവിസോ പ്രകാരം ശ്രീ. റ്റി.ആർ. മഹേഷ് കുമാറിനേക്കാൾ എനിക്ക് നിയമം മുൻഗണന അനുവദിച്ചു തരുന്നു.

ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന് ആക്ഷേപമുണ്ടായിരുന്നെങ്കിൽ 13-12-2017-ൽ മൂന്നാം പ്രൊവിസോ കൂട്ടി ചേർത്തപ്പോൾ ആയതിനെ ചോദ്യം ചെയ്ത് വിധി വാങ്ങേണ്ടിയിരുന്നു. അങ്ങനെ ചെയ്യാതിരുന്നതിൽ നിന്നും 13-12-2017-ലെ റൂൾ 44 A -യിലെ മൂന്നാം പ്രൊവിസോയുടെ കൂട്ടി ചേർക്കലിനു വിധേയപ്പെട്ടുവെന്ന് വിലയിരുത്തേണ്ടതാണ്. 13-12-2017-ലെ മൂന്നാം പ്രൊവിസോയുടെ കൂട്ടി ചേർക്കലിനോട് വിധേയപ്പെട്ട വകുപ്പുതല പര ീക്ഷ പാസ്സാകുന്നതിന് ശ്രമിച്ചെങ്കിലും 01.06.2021 ആയപ്പോഴും പൂർണ്ണമായും ജയിക്കുവാൻ ശ്രീ.റ്റി.ആർ. മഹേഷ് കുമാറിനു സാധിച്ചില്ലെന്നു മാത്രം. വിദ്യാഭ്യാസ ചട്ടത്തിൽ 2 മാസത്തിൽ കൂടുതൽ അംഗീകരിച്ച ഹ്രസ്വകാല സർവ ീസ് ലഭിച്ചവർക്ക് പിൽക്കാലത്ത് അതേ മാനേജ്മെന്റിൽ ഉണ്ടാകുന്ന ഒഴിവുകളിൽ നിയമനം കിട്ടുന്നതിന് മുൻഗണന നൽ കികൊണ്ട് Chapter XIV A റൂൾ 51 A വ്യവസ്ഥ ചെയ്തിരുന്നു. ഹ്രസ്വകാല സർവീസിന്റെ ദൈർഘ്യം ഒരു അക്കാദമിക്ക് വർഷമാക്കി 27-04-2005-ൽ റൂൾ 51 A യിൽ ഭേദഗതി ചെയ്തു.

ഒരു അക്കാഡമിക് വർഷത്തിൽ കുറവ് ഹ്രസ്വകാല സർവ്വീസ് നേടിയ ഒരാൾക്ക് 51 Aയിൽ ഭേദഗതി വരുത്തിയ 27-04-2005-നു ശേഷം നിയമനത്തിന് മുൻഗണന ലഭിക്കുമോയെന്ന നിയമപ്രശ്നം ബഹു.സുപ്രീംകോടതി പരിശോധിച്ച് വിധിച്ചത് ILR 2016 (1) Kerala 647 ആയി റിപ്പോർട്ടു ചെയ്തിട്ടുള്ളത്.

Rule 7A (3) and 51A:- For a claimant under Rule 51 A to be brought under the category of qualified teacher relieved on account of termination of vacancies the prior engagement should satisfy the requirement under the amendment Rule 7A (3) namely that such engagement had lasted for one clear academic year as stipulated under Rule 1 and 2A of Chapter VII of the Kerala Educational Rules. The fact that the claimant under Section 51A had worked for Short spells of less than one academic year prior to the amendment of Rule 7A (3) will not give a vested right to the claimant to seek appointment to a vacancy which had arisen after the amendment in Rule 7A (3).

റൂൾ 44 A യിൽ 3-ാം പ്രൊവിസോ 13-12-2017-ൽ കൂട്ടിചേർത്തതിനാൽ 13-12-2017-നു ശേഷം അതിൻ പ്രകാരം ഉള്ള നിയമ സംരക്ഷണം മാത്രമേ ലഭിക്കുകയുള്ളൂ, അതിനാൽ എതിർ കക്ഷികളുടെ വാദം നിയമപരമല്ല. നിലനിൽപ്പില്ലാത്തതാണ്.

ഗവൺമെന്റ്, എയ്ഡഡ് മേഖലകളിൽ ജോലി ചെയ്യുന്ന അധ്യാപകരുടെ പരീക്ഷായോഗ്യത, ജോലി. ശമ്പളം തുടങ്ങിയവ ഒരേ പോലെയാണ്. എന്നാൽ ഗവൺമെന്റ് മേഖലയെ നിയന്ത്രിക്കുന്നത് സർവ ീസ് റൂളുകളേയും ഗവൺമെന്റിന്റെ ഉത്തരവുകളേയും അടിസ്ഥാനമാക്കിയായിരിക്കുമ്പോൾ, എയ്ഡഡ് മേഖലയെ ഭരിക്കുന്നത് കേരളാ വിദ്യാഭ്യാസ ചട്ടവും അതിന്റെ അടിസ്ഥാനത്തിലുള്ള റൂളുകളുമാണ്. അതിനാൽ ഈ വിഷയം പരിഗണിക്കേണ്ടത്

കെ.ഇ.ആർ.-ലെ വ്യവസ്ഥ പ്രകാരം മാത്രമേ സാധ്യമാകൂ.

50 വയസ്സ് പൂർത്തിയാക്കിയവർക്ക് ഹെഡ്മാസ്റ്ററായി പ്രമോഷൻ കിട്ടുന്നുണ്ട്. എന്നാൽ 50 വയസ്സ് കഴിഞ്ഞ് വകുപ്പുതല പരീക്ഷ പാസ്സായതുകൊണ്ട് എനിക്കും 3-ാം പ്രൊവിസോ പ്രകാരം മുൻഗണന കിട്ടുകയാണു ചെയ്യുന്നത്. K.E. Act- ലെ സെക്ഷൻ 36 പ്രകാരം ഗവൺമെന്റിൽ നിക്ഷിപ്തമായിട്ടുള്ള അധികാരം അനുസരിച്ചാണ് 44A യിൽ മൂന്നാം പ്രൊവിസോ കൂട്ടിചേർത്തിട്ടുള്ളത്. XIV A റൂൾ 51 Aയിൽ വരുത്തിയ ഭേദഗതിയ്ക്കെതിരേയുള്ള കേസിൽ ബഹു. സുപ്രീം കോടതി പുറപ്പെവിച്ച വിധി ന്യായം എതിർകക്ഷികളുടെ വാദം നിയമപരമല്ലെന്ന് വ്യക്തമാക്കുന്നതാണ്. തന്നെയുമല്ല 2003 (3) KLT217 ആയി റിപ്പോർട്ടു ചെയ്തിട്ടുള്ള ഹൈക്കോടതി വിധിയിൽ "Government have power to make rules prospectively on retrospectively recognizing any other new qualification does not infringe any right of anyone and one cannot insist that amendment should operate only prospectively." കെ.ഇ.ആർ.-ലെ ഒരു റൂളിന്റേയും ആനുകൂല്യം ആർക്കും റിസേർവ് ചെയ്തു സൂക്ഷിക്കാവുന്നതല്ല. അന്നുള്ള റൂളിന്റെ അടിസ്ഥാനമാക്കിയുള്ള അവകാശ വാദത്തിനു മാത്രമേ നിയമപരമായ നിലനിൽപ്പുള്ളൂ. അതിനാൽ എതിർകക്ഷികളുടെ വാദം നിയമപരമല്ല.

ഞാൻ സർവ്വീസിൽ നിന്നും 31-05-2023-ൽ റിട്ടയർ ചെയ്യും. "റിട്ടയർഡ് ഹെഡ്മിസ്ട്രസ്" എന്ന് സമൂഹത്തിൽ അറിയപ്പെട്ടു ജീവിക്കുവാൻ ആരും ആഗ്രഹിക്കുന്നതാണ്. ഞാൻ റിട്ടയർ ചെയ്തതിനു ശേഷം രണ്ടു വർഷം കൂടി സർവ്വീസിൽ തുടരുവാൻ ശ്രീ.റ്റി.ആർ. മഹേഷ് കുമാറിന് അവസരമുണ്ട്. അതിനാൽ ടിയാന് അർഹമായ എല്ലാ അവകാശങ്ങളും കിട്ടുവാനുള്ള അവസരം ബാക്കിയുണ്ട് ഞാൻ 16-03-2022 മുതൽ 18-03-2022-വരെ അവധി അപേക്ഷ കൊടുത്തിട്ട് ഹാജരായില്ല. ആ ദിവസങ്ങളിൽ ഹാജർ ബുക്കിൽ ലീവ് മാർക്കു ചെയ്യാതെ ഞാൻ അവധി അപേക്ഷ മുൻകൂട്ടി നൽകിയില്ലായെന്ന കാരണം കാണിച്ച് മാനേജർ എനിക്ക് 19-03-2022-ൽ വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് തന്ന നോട്ടീസിന് ഞാൻ വിശദികരണം കൊടുക്കുകയും ചെയ്തു. പ്രൊമോഷൻ സംബന്ധിച്ച് നടപടി കഴിയുമ്പോൾ 19-03-2022-ലെ നോട്ടീസിന്റെ മറവിൽ എന്റെ സസ്പെൻഷൻ പ്രതീക്ഷിച്ചു കഴിയുകയാണ്.

K.E. Act സെക്ഷൻ 10 പ്രകാരം ഹൈസ്കൂൾ ഹെഡ്മാസ്റ്റർ നിയമനത്തിന് XIVA-ൽ 43, 44, 44A, 44B എന്നീ റൂളുകൾ നിശ്ചയിച്ച് വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു. നിർദ്ദിഷ്ട യോഗ്യത ഉള്ളവരെ മാത്രമേ മാനേജർ നിയമിക്കാവൂവെന്ന് XIVA -യിലെ റൂൾ ഒന്നിൽ നിർദ്ദേശിച്ചിരിക്കുന്നു. അദ്ധ്യായം III റൂൾ 9-ൽ Duties and Powers of the Manager-ലെ (1), (3), (6) എന്നിവ മന:പൂർവ്വമായി ലംഘിച്ചിരിക്കുന്നു. ആയതിനാൽ III -ലെ റൂൾ 7 പ്രകാരമുള്ള നടപടികൾ സ്വീകരിക്കുവാൻ ഉത്തരവാകേണ്ടതാണ്. 04.04.2022-ൽ കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ നം. D.D.E. KLM/1052/2022-133 കാരണം കാണിക്കൽ നോട്ടിസ് മാനേജർക്ക് നൽകി. മാനേജർ ഫയൽ ചെയ്ത WP(C)No.13795/2022 കേസ്സിൽ 12.04.2022-ൽ ഉണ്ടായ വിധി പ്രകാരമാണ് ഹിയറിംഗ് നടത്തുന്നത്. ടി കേസിൽ D.D.E- യുടെ കാരണം കാണിക്കൽ നോട്ടീസ് Ext 12 ആയി ചേർത്തിട്ടുള്ളത്, റിവിഷൻ പെറ്റീഷന്റെ തീരുമാനം വരെ നിർത്തി വെക്കുവാൻ മാത്രമാണ് നിർദ്ദേശിച്ചിട്ടുള്ളത്. ആയതിനാൽ ഡി.ഡി.ഇ. അച്ചടക്കനടപടി തുടരുവാൻ പ്രത്യേകം നിർദ്ദേശിക്കണമെന്നപേക്ഷിക്കുന്നു.

മേൽ വിവരിച്ച വസ്തുതകൾ പരിഗണിച്ച് താഴെ പറയുന്ന ആവശ്യങ്ങൾ അംഗീകരിച്ച്

ഉത്തരവുണ്ടാകണമെന്നപേക്ഷിക്കുന്നു ;-

(i) എനിക്ക് 01.06.2021 മുതൽ പ്രാബല്യത്തിൽ ഹെഡ്മിസ്ട്രസ്സായി പ്രൊമോഷൻ നിയമന ഉത്തരവ് തരുന്നതിന് മാനേജർക്ക് നിർദ്ദേശം കൊടുത്തും ആയതിന് സമയം നിശ്ചയിച്ചു കൊടുത്തും ഉത്തരവാകുക.

(ii) കൊട്ടാരക്കര ഡി.ഇ.ഒ.യുടെ 21.02.2022-ലെ ഉത്തരവു പ്രകാരം എനിക്ക് ചാർജ്ജ് കൈമാറുന്നതിന് ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന് കൊടുത്ത നിർദ്ദേശം നടപ്പാക്കിയില്ലായെന്നു കാണിച്ച് ഞാൻ 23.02.2022-ൽ കൊടുത്ത പരാതിയിന്മേൽ നടപടി സ്വീകരിക്കാതിരുന്നതും, 21.03.2022-ലെ ബഹു. ഹൈക്കോടതി വിധി നടപ്പാക്കാതിരുന്നതിനെ കുറിച്ചും അന്വേഷണം നടത്തുക.

(iii) മാനേജർക്കെതിരെ നിയമപരമായി അച്ചടക്ക നടപടി തുടരുവാൻ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നിർദ്ദേശം കൊടുത്തും ഉത്തരവാകുക."

**4) വിദ്യാഭ്യാസ ഓഫീസർമാരുടെ അഭിപ്രായം ചുവടെ ചേർക്കുന്നു :**

"കുഴിക്കൽ ഇടവക എച്ച്.എസ്.-ലെ പ്രഥമാദ്ധ്യാപികയായിരുന്ന ശ്രീമതി.അനിതാ വസന്ത് പി.വി. 31/05//2021-ൽ വിരമിച്ചതിനെ തുടർന്നുണ്ടായ ഒഴിവിൽ സ്കൂളിലെ എച്ച്.എസ്.റ്റി. (സോഷ്യൽ സയൻസ്) അദ്ധ്യാപകനായ ശ്രീ.റ്റി.ആർ. മഹേഷ് കുമാറിനെ 01/06/2021 മുതൽ പ്രഥമാദ്ധ്യാപകനായി മാനേജർ നിയമിച്ചു. ടിയാന് വകുപ്പ് തല യോഗ്യതകളില്ലാത്തതിനാലും, ടി യോഗ്യതകൾ നേടിയിട്ടുള്ള എച്ച്.എസ്.റ്റി. ആയ ശ്രീമതി.സുനിതാ വസന്ത്, ശ്രീ.മഹേഷ് കുമാറിന്റെ പ്രഥമാദ്ധ്യാപക നിയമനത്തിനെതിരായി ബഹു. ഹൈക്കോടതിയിൽ 14104//2021 നമ്പർ റിട്ട് ഹർജി ഫയൽ ചെയ്ത സാഹചര്യത്തിലും, ശ്രീ.റ്റി.ആർ. മഹേഷ് കുമാറിന്റെ 01/06/2021 മുതലുള്ള പ്രഥമാദ്ധ്യാപക തസ്തികയിലേക്കുള്ള നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള 01/07/2021-ലെ ബി5/23660/21 നമ്പർ ഉത്തരവ് പ്രകാരം നിരസിച്ചു. സ്കൂൾ ജീവനക്കാരുടെ ശമ്പളവും മറ്റും വിതരണം നടത്തുന്നതിലേക്ക് ശ്രീ.റ്റി.ആർ. മഹേഷ് കുമാറിന് ടീച്ചർ-ഇൻ-ചാർജ്ജായി ജില്ലാ വിദ്യാഭ്യാസ ഓഫീസറുടെ 29/06/2021-ലെ ബി5/1929/21 നമ്പർ ഉത്തരവ് പ്രകാരം താൽക്കാലിക ചുമതല നൽകി. ടിയാന്റെ എച്ച്.എസ്.റ്റി. തസ്തികയിലെ തുടർച്ചയായ സർവ്വീസ് ആരംഭിക്കുന്നത് 07/06/1993 ൽ ആണ്. 31/05/2019 ൽ 50 വയസ് പൂർത്തിയായിട്ടുള്ളതുമാണ്.

ശ്രീമതി.സുനിത വസന്ത് ഫയൽ ചെയ്ത 14104/2021 നമ്പർ റിട്ട് ഹർജിയിൻമേലുള്ള 16/12/2021-ലെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പ്രഥമാദ്ധ്യാപക തസ്തികയ്ക്ക് യോഗ്യതയില്ലാത്ത സീനിയർ അദ്ധ്യാപകനേക്കാൾ യോഗ്യതയുള്ള ജൂനിയർ അദ്ധ്യാപകനെ പരിഗണിക്കാൻ കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർക്ക് നിർദ്ദേശം നൽകുകയും, പ്രസ്തുത വിധിന്യായം നടപ്പിലാക്കാനായി ബന്ധപ്പെട്ട കക്ഷികളുടെ കൂടിക്കാഴ്ച കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ വച്ച് 01/02/2022 ന് നടത്തുകയുമുണ്ടായി.

കോടതി ഉത്തരവിലെ നിർദ്ദേശങ്ങളും ബന്ധപ്പെട്ട കക്ഷികളുടെ വാദങ്ങളും പരിഗണിച്ചതിന്റെ അടിസ്ഥാനത്തിൽ ശ്രീ.റ്റി.ആർ.മഹേഷ് കുമാറിനെ താൽക്കാലിക എച്ച്.എം. ആയി നിയമിച്ചു. ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള ഉത്തരവ് നിലനിൽക്കുന്നതല്ലെന്ന് കണ്ടെത്തുകയും ടി ഉത്തരവ് റദ്ദ്

ചെയ്ത് കൊണ്ടും വകുപ്പുതല പരീക്ഷാ യോഗ്യതകൾ ഉൾപ്പെടെയുള്ള മുൻഗണനാവകാശമുള്ള ശ്രീമതി.സുനിതാ വസന്തിന് ചാർജ് കൈമാറാനുള്ള നിർദ്ദേശം മാനേജർക്ക് നൽകികൊണ്ടും ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള 21/02/2022 ൽ ബി5/1929/21 നമ്പർ ഉത്തരവ് പുറപ്പെട്ടുവിക്കുകയുണ്ടായി. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നുള്ള ഉത്തരവ് മാനേജർ നടപ്പിലാക്കാത്ത സാഹചര്യത്തിൽ, ശ്രീമതി.സുനിതാ വസന്ത് ഡബ്ല്യൂ.പി.(സി) 7204/22 ഫയൽ ചെയ്യുകയും, ടി റിട്ട് ഹർജിയിലെ 21/03/2022-ലെ ഇടക്കാല ഉത്തരവിലൂടെ ഉത്തരവ് സ്റ്റേ ചെയ്തിട്ടില്ലാത്ത സാഹചര്യത്തിൽ ഉത്തരവ് നടപ്പിലാക്കാൻ ബഹുമാനപ്പെട്ട കോടതി ജില്ലാ വിദ്യാഭ്യാസ ഓഫീസറോട് നിർദ്ദേശിച്ചതിനെ തുടർന്ന് 02/04/2022-ൽ മാനേജർക്കും ടീച്ചർ ഇൻ ചാർ ജ്ജിനും 21/02/2022-ന് നൽകിയ ഉത്തരവ് അടിയന്തരമായി നടപ്പിലാക്കുവാൻ കത്ത് നൽകുകയുമുണ്ടായി. കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസിൽ നിന്നും ഉത്തരവ് നടപ്പിലാക്കാത്തതിനാൽ ഗുരുതര അച്ചടക്ക ലംഘനം ചൂണ്ടിക്കാട്ടി വിദ്യാഭ്യാസ ഉപഡയറക്ടർ മാനേജർക്ക് 04/04/2022-ൽ ബി3/1052/22 കാരണം കാണിക്കൽ നോട്ടീസ് നൽകുകയുണ്ടായി.

മാനേജർ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ സമർപ്പിച്ച റിട്ട് ഹർജി 13795/22-മേലുള്ള 12/04/2022-ലെ വിധിന്യായത്തിൽ മാനേജരും ശ്രീ. മഹേഷ് കുമാറും സർക്കാരിൽ സമർപ്പിച്ചിരിക്കുന്ന റിവിഷൻ ഹർജിയിൻമേൽ തീരുമാനമെടുക്കുന്നത് വരെ ടി കാരണം കാണിക്കൽ നോട്ടീസിൻമേലുള്ള തുടർ നടപടികൾ സ്റ്റേ ചെയ്തിരിക്കുകയാണ്.

ശ്രീ.റ്റി.ആർ. മഹേഷ് കുമാറിന്റെ പ്രഥമാധ്യാപക തസ്തികയിലെ 1.6.2021 മുതലുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിച്ചു നൽകണമെന്നതാണ് മാനേജരുടെ റിവിഷൻ ഹർജികളിലെ ആവശ്യം. പ്രഥമാധ്യാപക തസ്തികയിൽ ഒഴിവ് വന്ന 1.6.2021-ൽ ചട്ടം 4 4 എ (1)-ൽ നിഷ്കർഷിച്ചിട്ടുള്ള പൂർണ്ണ യോഗ്യത നേടിയിട്ടുള്ള ശ്രീമതി.സുനിത വസന്തിന്റെ ചട്ടപ്രകാരമുള്ള മുൻഗണനാ അവകാശം മറികടന്നാണ് HST(SS) ആയ ശ്രീ.മഹേഷ് കുമാറിനെ 1.6.2021 മുതൽ പ്രഥമാധ്യാപകനായി പ്രൊമോഷൻ നൽകി നിയമിച്ചിട്ടുള്ളത്. പ്രഥമാധ്യാപക തസ്തികയിൽ ഒഴിവ് വന്ന 1.6.2021-ൽ ടി ഒഴിവിലേക്ക് നിയമനത്തിനുള്ള ശ്രീമതി.സുനിത വസന്തിന്റെ ചട്ടപ്രകാരമുള്ള മുൻഗണനാ അവകാശം പരിപൂർണവും അവിതർക്കിതവുമായതിനാൽ ശ്രീ.റ്റി.ആർ.മഹേഷ് കുമാറിന്റെ 1.6.2021 മുതലുള്ള പ്രഥമാധ്യാപക തസ്തികയിലേക്കുള്ള സ്ഥാനക്കയറ്റ നിയമനം അംഗീകരിക്കണമെന്ന ഹർജിയിലെ ആവശ്യം യാതൊരുവിധ പരിഗണനയും അർഹിക്കുന്നില്ല."

**5) സ്കൂൾ മാനേജരുടെയും, 5, 6 എതിർകക്ഷികളുടെയും, വിദ്യാഭ്യാസ ഓഫീസർമാരുടെയും വാദങ്ങളും അവർ സമർപ്പിച്ച രേഖകളും വിശദമായി പരിശോധിച്ചതിൽ നിന്നും വ്യക്തമായ കാര്യങ്ങൾ ഇവയാണ്:**

**i. കുഴിക്കൽ ഇടവക എച്ച്.എസ്.-ലെ അദ്ധ്യാപകരുടെ അംഗീകൃത സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ശ്രീ ടി.ആർ. മഹേഷ് കുമാറിന്റെ സീനിയോറിറ്റി ക്രമനമ്പർ 5 ആയും, ശ്രീമതി.സുനിത വസന്തിന്റെ സീനിയോറിറ്റി ക്രമനമ്പർ 6 ആയുമാണ് നിർണ്ണയിച്ചിട്ടുള്ളത്.**

**ii. ഹൈസ്കൂൾ വിഭാഗം പ്രധാനാദ്ധ്യാപികയായിരുന്ന ശ്രീമതി.അനിത വിശ്വനാഥ്.പി.വി. 31.05.2021-ൽ സർവ്വീസിൽ നിന്നും വിരമിച്ചതിനെ തുടർന്ന് 01.06.2021 പ്രാബല്യത്തിൽ ഒഴിവ്**

ഉണ്ടായി.

iii. സീനിയോറിറ്റി ലിസ്റ്റ് പ്രകാരം ക്രമനമ്പർ 5 ആയ ശ്രീ.ടി.ആർ.മഹേഷ് കുമാറിനെ 1.6.2021 മുതൽ പ്രഥമാധ്യാപകനായി പ്രൊമോഷൻ നൽകി മാനേജർ നിയമിച്ചു ടി നിയമനം കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ നിരസിച്ചു. അതിനെതിരെ മാനേജർ സമർപ്പിച്ച അപ്പീലും നിരസിക്കുകയും, സ്കൂളിന്റെ ദൈനം ദിന പ്രവർത്തനങ്ങൾ നടത്തുന്നതിനായി സീനിയർ അധ്യാപകനായ മഹേഷ് കുമാറിന് ശമ്പള വിതരണം നടത്തുന്നതിന് മാത്രമായി താത്കാലിക ചുമതല നൽകി ഉത്തരവാകുകയും ചെയ്തു. ശ്രീമതിസുനിത വസന്ത് ബഹു. ഹൈക്കോടതിയിൽ ഫയൽ ചെയ്ത റിട്ട് ഹർജി 14104/2021 കേസിലെ 26.11.2021-ലെ വിധിയുടെ വെളിച്ചത്തിൽ, കൊട്ടാരക്കര ജില്ലാ വിദ്യാഭ്യാസ ഓഫീസർ ടി ഉത്തരവ് റദ്ദാക്കുകയും, അതിനെതിരെ ശ്രീ.ടി.ആർ.മഹേഷ് കുമാർ സമർപ്പിച്ച അപേക്ഷ നിരസിക്കുകയുമുണ്ടായി. വകുപ്പിന്റെ നിർദ്ദേശങ്ങൾ അനുസരിക്കാതിരിക്കുകയും, ന്യായമായും പ്രൊമോഷന് അർഹതയുള്ള അധ്യാപകന് പ്രൊമോഷൻ നിരസിക്കുകയും ചെയ്ത മാനേജർക്ക് KER അധ്യായം III ചട്ടം 7 (1) പ്രകാരം കൊല്ലം വിദ്യാഭ്യാസ ഉപഡയറക്ടർ കാരണം കാണിക്കൽ നോട്ടീസ് നൽകുകയും ചെയ്തു.

iv. ശ്രീ ടി.ആർ. മഹേഷ് കുമാറിന്റെ ജനന തീയതി 31.5.1969 ആണ്. ടി സ്കൂളിൽ അധ്യാപക നിയമനം ലഭിച്ചത് 7.6.1993-ലാണ്. 50 വയസ്സ് തികയുന്നത് 31.5.2019-ലാണ്. ടെസ്റ്റ് യോഗ്യതയില്ല.

ശ്രീമതി.സുനിത വസന്തിന്റെ ജനന തീയതി 20.5.1967 ആണ്. ടി സ്കൂളിൽ അധ്യാപക നിയമനം ലഭിച്ചത് 15.7.1993-ലാണ്. 50 വയസ്സ് തികയുന്നത് 20.5.2017-ലാണ്. ടെസ്റ്റ് യോഗ്യതയുണ്ട്.

6) ടി വിഷയത്തിൽ താഴെ പറയുന്ന വസ്തുതകൾ പരിഗണിക്കേണ്ടതാണ് :

i . KER അധ്യായം XIV A ചട്ടം 44 A (1 ) ന്റെ രണ്ടാം പ്രോവിസോ പ്രകാരം 5 0 വയസ്സ് പൂർത്തീകരിച്ച അദ്ധ്യാപകരെ വകുപ്പുതല പരീക്ഷകളിൽ നിന്നും സ്ഥിരമായി ഒഴിവാക്കിയിട്ടുണ്ട്.

ii . SRO No. 794/2017 - GO(Ms)No.157/2015 /GEdn പ്രകാരം കൂട്ടിച്ചേർത്ത KER അധ്യായം XIV A ചട്ടം 44 A (1)-ന്റെ മൂന്നാം പ്രോവിസോ പ്രകാരം ഹെഡ് മാസ്റ്റർ തസ്തികയിലേക്കുള്ള നിയമനത്തിന്റെ കാര്യത്തിൽ ചട്ടം 44A(1)-ൽ നിഷ്കർഷിച്ചിട്ടുള്ള പൂർണ യോഗ്യത നേടിയിട്ടുള്ള അധ്യാപകർക്ക് മുൻഗണന നൽകേണ്ടതാണ്.

iii. ഒരു അക്കാഡമിക് വർഷത്തിൽ കുറവ് ഹ്രസ്വകാല സർവ്വീസ് നേടിയ ഒരാൾക്ക് 51 A-യിൽ ഭേദഗതി വരുത്തിയ 27-04-2005-ന ശേഷം നിയമനത്തിന് മുൻഗണന ലഭിക്കുമോയെന്ന നിയമപ്രശ്നം ബഹു.സുപ്രീംകോടതി പരിശോധിച്ച് വിധിച്ചത് ILR 2016 (1) Kerala 647 ആയി റിപ്പോർട്ടു ചെയ്തിട്ടുള്ളത്.

Rule 7A (3) and 51A:- For a claimant under Rule 51 A to be brought under the category of qualified teacher relieved on account of termination of vacancies the prior engagement should satisfy the requirement under the amendment Rule 7A (3) namely that such engagement had lasted for one clear academic year as stipulated under Rule 1 and 2A of Chapter VII of the Kerala Educational Rules. The fact that the claimant under Section 51A had worked for Short

spells of less than one academic year prior to the amendment of Rule 7A (3) will not give a vested right to the claimant to seek appointment to a vacancy which had arisen after the amendment in Rule 7A (3). റൂൾ 44 A യിൽ 3-ാം പ്രൊവിസോ 13-12-2017-ൽ കൂട്ടിചേർ ത്തതിനാൽ 13-12-2017-ന്ന ശേഷം അതിൻ പ്രകാരം ഉള്ള നിയമ സംരക്ഷണം മാത്രമേ ലഭിക്കുകയുള്ളൂ,

iv. 2003 (3) KLT217 ആയി റിപ്പോർട്ടു ചെയ്തിട്ടുള്ള ഹൈക്കോടതി വിധിയിൽ "Government have power to make rules prospectively on retrospectively recognizing any other new qualification does not infringe any right of anyone and one cannot insist that amendment should operate only prospectively." കെ.ഇ.ആർ.-ലെ ഒരു റൂളിന്റേയും ആനുകൂല്യം ആർക്കും റിസേർവ് ചെയ്തു സൂക്ഷിക്കാവുന്നതല്ല. അന്നന്നുള്ള റൂളിന്റെ അടിസ്ഥാനമാക്കിയുള്ള അവകാശ വാദത്തിനു മാത്രമേ നിയമപരമായ നിലനിൽപ്പുള്ളൂ.

7) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു, SRO No. 794/2017 - GO(Ms)No.157/2015 /GEDN പ്രകാരം കൂട്ടിച്ചേർത്ത KER അധ്യായം XIV A ചട്ടം 44 A (1)-ന്റെ മൂന്നാം പ്രോവിസോ പ്രകാരം ശ്രീമതി. സുനിതാ വസന്തിനാണ് പ്രധാനാധ്യാപികയായി നിയമിക്കപ്പെടാൻ യോഗ്യത.

8) മേൽ സാഹചര്യത്തിൽ ശ്രീ.ടി.ആർ.മഹേഷ് കുമാറിനെ കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂളിലെ പ്രധാനാദ്ധ്യാപക തസ്തികയിലേക്ക് സ്ഥാനക്കയറ്റം നൽകിക്കൊണ്ടുള്ള നിയമനം അംഗീകരിക്കണമെന്ന ആവശ്യം നിരസിച്ച്, ശ്രീമതി.സുനിതാ വസന്തിനെ മറ്റു വിധത്തിൽ ക്രമപ്രകാരമെങ്കിൽ, പ്രസ്തുത തസ്തികയിൽ നിയമിക്കുന്നതിന് സ്കൂൾ മാനേജർക്ക് നിർദ്ദേശം നല്കി, എക്സിബിറ്റ് പി9, പി9എ റിവിഷൻ ഹർജികൾ തീർപ്പാക്കി, അപ്രകാരം കുഴിക്കൽ ഇടവക ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ മാനേജർ ബഹു.കേരള ഹൈക്കോടതി മുമ്പാകെ ഫയൽ ചെയ്ത WP(C)No.13795/2022-ന്മേലുള്ള 12.04.2022-ലെ വിധിന്യായത്തിലെ നിർദ്ദേശം നടപ്പിൽ വരുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
REENA O
അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, കേരള, തിരുവനന്തപുരം(ആമുഖ കത്ത് സഹിതം)
പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
വിദ്യാഭ്യാസ ഉപഡയറക്ടർ, കൊല്ലം
ജില്ലാ വിദ്യാഭ്യാസ ഓഫീസർ, കൊട്ടാരക്കര
മാനേജർ, ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുഴിക്കൽ ഇടവക, കരിമ്പിൻപുഴ
ശ്രീ.ടി.ആർ. മഹേഷ് കുമാർ, ടീച്ചർ-ഇൻ-ചാർജ്, ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി സ്കൂൾ, കുഴിക്കൽ ഇടവക, കരിമ്പിൻപുഴ
ശ്രീമതി.സുനിതാ വസന്ത്, ശ്രീനാരായണ ഗുരുദേവ വിലാസം വൊക്കേഷണൽ ഹയർ സെക്കന്ററി

സ്കൂൾ, കുഴിക്കൽ ഇടവക, കരിമ്പിൻപുഴ

പൊതു വിദ്യാഭ്യാസ (ജെ) വകുപ്പ് (17.08.2022 ലെ ജെ2/109/2022/പൊവിവ നമ്പർ അനൗദ്യോഗിക കുറിപ്പ് പ്രകാരം)

കരുതൽ ഫയൽ/ഓഫീസ് പകർപ്പ്

ഉത്തരവിൻ പ്രകാരം

**Signed by Shahna Kumari S L**

**Date: 20-08-2022 13:48:57**

സെക്ഷൻ ഓഫീസർ